DESPATCHED
On ...



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ AP 2296(1)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.17918/SIC-Gen4/2019**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഒക്ടോബർ 20

ശ്രീ. ആന്റണി എൻ.ജെ.,
നെല്ലിക്കൽ വീട്,
സി.സി.20/1337 എ,
പള്ളുരുത്തി പി.ഒ.,
കൊല്ലശ്ശേരി റോഡ്,
പെരുമ്പടപ്പ്, കൊച്ചി – 682 006. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   പള്ളുരുത്തി സോണൽ ഓഫീസ്,
   കൊച്ചി നഗരസഭ, കൊച്ചി.
2. അപ്പീൽ അധികാരി &
   എക്സിക്യൂട്ടീവ് എഞ്ചിനീയർ–1,
   ടൗൺ പ്ലാനിംഗ് വിഭാഗം,
   കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
   കൊച്ചി.
3. ശ്രീമതി. ഹയറുനിസ എ.,
   എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   പി.ഐ.യു., പി.എം.ജി.എസ്.വൈ,
   ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷൻ 30.12.2019–ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീമതി.ഹയറുനിസ എ. 30.6.2022–ന് ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരനായ ശ്രീ. എൻ.ജെ.

ആന്റണി 30.4.2019 തീയതി വച്ച് സമർപ്പിച്ച വിവരാവകാശ അപേക്ഷ 6.5.2019-ന് പള്ളുരുത്തി മേഖല ഓഫീസിൽ ലഭ്യമായിട്ടുള്ളതാണെന്നും ടി അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനുള്ള റിപ്പോർട്ടിനായി സെക്ഷൻ ക്ലാർക്ക് ശ്രീ. അനിൽ ജി. 17.5.2019-ൽ ഒന്നാം ഗ്രേഡ് ഓവർസീയറായ ശ്രീ. കെ.എൻ. ജയകുമാറിന് നൽകിയിട്ടുള്ളതാണെന്നുമാണ്. 3.7.2019-ലെ MOP4/PIO/018391/19 നമ്പർ പ്രകാരമുള്ള അപ്പീൽ അപേക്ഷയുടെ നടപടിക്രമം പള്ളുരുത്തി മേഖല ഓഫീസിൽ 17.7.2019-ൽ ലഭ്യമായിട്ടുള്ളതാണ്. അപ്പീൽ അപേക്ഷ കൈകാര്യം ചെയ്യുന്നത് നഗരസഭയുടെ മെയിൻ ഓഫീസിലാണെന്നും, എന്നാൽ ടി വിവരാവകാശ ഓഫീസറുടെ കാര്യാലയം പള്ളുരുത്തി മേഖല ഓഫീസാണെന്നും രണ്ട് ഓഫീസുകൾ തമ്മിൽ 10 കി.മീറ്ററിലധികം ദൂരമുണ്ടെന്നും 23.7.2019-ൽ ടിയാൾ കൊച്ചി നഗരസഭയിൽ നിന്നും റിലീവ് ചെയ്ത് കോഴിക്കോട് Programme Implementation Unit-ലേക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലേക്ക് പ്രൊമോഷനായി പോയിട്ടുള്ളതാണെന്നും ടി വിവരാവകാശത്തിന്റെ അപ്പീൽ അപേക്ഷയുടെ നടപടിക്രമം 23.7.2019-ൽ റിലീവ് ചെയ്യുന്നതിന് മുമ്പായി ടിയാൾക്ക് ലഭ്യമായിട്ടില്ലാത്തതാണെന്നുമാണ്. വിവരാവകാശ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ശ്രീ. കെ.എൻ. ജയകുമാർ ഉൾപ്പെടെയുള്ള കീഴ് ഉദ്യോഗസ്ഥർക്ക് ഉത്തരവ് യഥാസമയം നൽകിയിട്ടുള്ളതും ആയത് മോണിറ്റർ ചെയ്ത് follow-up ചെയ്യുന്നതിനും രജിസ്റ്റർ കൃത്യമായി maintain ചെയ്യുന്നതിനും സുപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണെന്നുമാണ്. ടി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഉള്ള ഫയൽ ശ്രീ. കെ.എൻ. ജയകുമാറിന്റെ പക്കലായിരുന്നതുകൊണ്ടാണ് വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാൻ കഴിയാത്തതെന്നും ശ്രീ. കെ.എൻ. ജയകുമാറിൽ നിന്നും സംഭവിച്ച വീഴ്ച അപ്പീൽ അധികാരിയേയും മേലുദ്യോഗസ്ഥരെയും അറിയിച്ചിട്ടുള്ളതും താക്കീത് നൽകിയിട്ടുള്ളതാണെന്നുമാണ്. 23.7.2019-ൽ എതിർകക്ഷി ഓഫീസിൽ നിന്നും റിലീവ് ചെയ്തിട്ടുള്ളതിനാലാണ് ടിയാൾ 24.12.2019-ലെ കമ്മീഷൻ ഹിയറിംഗിൽ ടിയാൾ ഹാജരാകാത്തതെന്നും കമ്മീഷന്റെ നിർദ്ദേശ പ്രകാരം 21.1.2020-ൽ മറുപടി നൽകിയിട്ടുള്ളതായി മനസ്സിലാകുന്നു എന്നുമാണ്. ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം ടി വിഷയത്തിന്മേൽ പല പ്രാവശ്യം അപേക്ഷ നൽകിയിട്ടുള്ളതും ആയതിന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. ടി അപേക്ഷയിന്മേൽ ശ്രീ. കെ.എൻ. ജയകുമാറിനെ ഡീംഡ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറാക്കി ഉത്തരവ് നൽകിയിട്ടുള്ളതും എന്നാൽ ടിയാൻ ടി ഉത്തരവാദിത്വം അവഗണിച്ച് കക്ഷിക്ക് മറുപടി നൽകിയിട്ടില്ലാത്തതുമാണ്. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതെ കാലതാമസം വരുത്തിയത് ഡീംഡ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ

ശ്രീ. കെ. എൻ. ജയകുമാർ ആണെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു എന്നും കൊച്ചി നഗരസഭപോലെ ഭാരിച്ച ജോലി ഭാരമുള്ള കാര്യാലയത്തിൽ വിവരാവകാശത്തിന് ഒരു നോഡൽ ഓഫീസറെ നിയമച്ചിട്ടില്ല എന്നുമാണ്.

4. മേൽപ്പടി വിശദീകരണവും ശ്രീമതി. ഹയറുനിസയെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ എതിർകക്ഷി നൽകിയ വിശദീകരണത്തിൽ ഹർജിക്കാരന് മറുപടി നൽകുന്നതിന് അകാരണമായ കാലവിളംബം സംഭവിച്ചതായി കമ്മീഷന് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ പരാമർശിത കാലയളവിലെ എതിർകക്ഷിയായ ശ്രീമതി. ഹയറുനിസയേയും ഡീംഡ് എസ്.പി.ഐ.ഒ ആയ ശ്രീ. കെ.എൻ. ജയകുമാറിനെയും കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു. അതോടൊപ്പം ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ജാഗ്രത പാലിക്കണമെന്നും, ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. കൂടാതെ കൊച്ചി നഗരസഭയിൽ വിവരാവകാശം കൈകാര്യം ചെയ്യുന്നതിന് ഒരു നോഡൽ ഓഫീസറെ നിയമിക്കണമെന്ന് കൊച്ചി നഗരസഭാ സെക്രട്ടറിക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു. ആയതിലേക്ക് ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി കൊച്ചി നഗരസഭാ സെക്രട്ടറിക്ക് അയച്ചു നൽകേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ 20 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk